പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 95** **26.02.2018-ൽ മറുപടിയ്ക്ക്**

## വാട്ടർ മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ബോട്ട് ടെർമിനലുകൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി.<br>2. പരിസ്ഥിതി അനുമതിക്കായുള്ള പഠനം കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏജൻസിയായ WAPCOS മുഖേന പുരോഗമിക്കുന്നു.<br>3. റൂട്ടുകൾ, നാവിഗേഷൻ ചാനലുകൾ എന്നിവ നിർണ്ണയിക്കുന്നതിനുള്ള Bathymetry സർവ്വേ, സംസ്ഥാന സർക്കാരിന്റെ തുറമുഖ വകുപ്പിനു കീഴിലുള്ള Hydrographic Survey Wing (HWS) പൂർത്തിയാക്കി.<br>4. ടെർമിനലുകളുടെ പ്ലാനിംഗിനും വിശദമായ രൂപരേഖ നിർമ്മിക്കുന്നതിനും വേണ്ടതായ Topographic സർവ്വേ പുരോഗമിക്കുകയാണ്.<br>5. ബോട്ട് ജെട്ടികളുടേയും, ടെർമിനലുകളുടേയും വിശദമായ ഡിസൈനിനു വേണ്ടിയുള്ള Geo-Technical സർവ്വേയും, ബോട്ടുകളുടെ ടെണ്ടറിങ്ങിന് വേണ്ടിയുള്ള നടപടികളും പുരോഗമിക്കുന്നു. അതോടൊപ്പം വിശദമായ ഡിസൈനിനു വേണ്ടിയുള്ള കൺസൾട്ടന്റിനെ (Detailed Design Consultant) നിയമിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനും ആഴംകൂട്ടുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ബോട്ട് ജെട്ടികളുടേയും, അനുബന്ധ നിർമ്മാണങ്ങളുടേയും രൂപരേഖകൾ തയ്യാറാക്കി വരികയാണ്. റൂട്ടുകളും, നാവിഗേഷൻ ചാനലുകളും നിർണ്ണയിക്കുന്നതിനും, ആഴം കൂട്ടുന്നതിനുമുള്ള ആവശ്യകത സ്ഥിരീകരിക്കുന്നതിന് വേണ്ട Bathymetry പഠനം പൂർത്തിയായിട്ടുണ്ട്. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്തെല്ലാം നടപടിക്രമങ്ങളും പണികളുമാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്നും വിശദമാക്കാമോ? | (സി) | പദ്ധതി 2019 രണ്ടാം പാദത്തിൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പാക്കുന്നത് CRZ നോട്ടിഫൈഡ് പ്രദേശത്ത് ആയതിനാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ